RIGHTS




# അംഗനവാടികളും പഞ്ചായത്ത് ബജറ്റും





# അംഗനവാടികളും പഞ്ചായത്ത് ബജറ്റും

ലോകത്തിലെ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ 2-ാം സ്ഥാനത്താണ് ഇന്ത്യ. പോഷകാഹാരക്കുറവുമൂലമുള്ള പ്രശ്നങ്ങൾക്കൊണ്ട് മരിക്കുന്ന കുട്ടികളുടെ എണ്ണം ഇന്ത്യയിൽ 2.1 മില്യൺ ആണ് (WHO).ഇതാണ് സമകാലിക യാഥാർത്ഥ്യമെങ്കിൽ 2 ദശകങ്ങൾക്ക് മുമ്പുള്ള അവസ്ഥ എന്തായിരുന്നുവെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഇന്ത്യയെ ആന്തരികമായി തകർക്കുന്ന ഈ മഹാവിപത്തിനെതിരെയുള്ള പ്രതികരണമെന്നുള്ള നിലയിലാണ് 1975-ൽ സംയോജിത ശിശുവികസന പരിപാടി (Intergrated Child Development (ICDS) ആരംഭിക്കുന്നത്. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷക-ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക, ശിശുക്കളുടെ ശരിയായ മാനസിക, ശാരീരിക, സാമൂഹിക വികസനത്തിന് വേണ്ട അടിത്തറയിടുക, മരണനിരക്ക്, രോഗാവസ്ഥ, പോഷകദാരിദ്ര്യം, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവ കുറയ്ക്കുക, ശിശുവികസനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള വിവിധ വകുപ്പുകളുടെ നയങ്ങളും നടപടികളും ഫലപ്രദമായി ഏകോപിപ്പിക്കുക, ശരിയായ പോഷണ-ആരോഗ്യ ശിക്ഷണത്തിലൂടെ കുട്ടികളുടെ പോഷക ആരോഗ്യം സംരക്ഷിക്കാനും പോഷക ആവശ്യങ്ങൾ നിറവേറ്റാനും അമ്മമാരെതന്നെ പ്രാപ്തരാക്കുന്ന വിധത്തിൽ അവരുടെ ശേഷി വർധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിയാണ് ഈ പരിപാടി ആരംഭിച്ചത് ഇതിനായി പൂരക പോഷകാഹാര വിതരണം (Supplementary nutrition program), രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ പരിശോധന, റഫറൽ സേവനങ്ങൾ, സ്കൂൾ പൂർവ അനൗപചാരിക വിദ്യാഭ്യാസം (Pre- Schooling) എന്നിവ നടപ്പിലാക്കുവാൻ തീരുമാനിച്ചു. ഇതിൽ പോഷകാഹാര-ആരോഗ്യ വിദ്യാഭ്യാസമാണ് ICDS നു കീഴിലുള്ള അംഗനവാടി കേന്ദ്രങ്ങളിലുടെ നടപ്പിലാക്കുന്നത്. എന്നാൽ ICDS തുടങ്ങി 37 വർഷങ്ങൾക്കുശേഷവും ഇന്ത്യയിലെ പോഷകാഹാരക്കുറവുള്ള കുട്ടികൾ 45% ആയി തുടരുന്നു എന്നത് ICDSന്റെ ഫലപ്രാപ്തിയെക്കുറിച്ച് സംശയമുളവാക്കുന്നതാണ്.

എല്ലാം ഭദ്രമെന്ന് കരുതുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്ന കേരളത്തിന്റെ സ്ഥിതിയും ഇതിൽനിന്നു വ്യത്യസ്തമല്ല. സ്ത്രീകളുടെയും കുട്ടികളുടെയും സാക്ഷരതാനിലവാരത്തിലും കുറഞ്ഞ മാതൃശിശുമരണ നിരക്കിലും മറ്റും ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽനിന്ന് ഏറെ മെച്ചപ്പെട്ട അവസ്ഥയിലാണെങ്കിലും കുട്ടികളുടെ പോഷകാഹാരനില പരിതാപകരമാണ്. കുട്ടികളിലെ, വയസ്സിനനുപാതികമല്ലാത്ത തൂക്കക്കുറവും പൊക്കക്കുറവും യഥാക്രമം 28.8 ശതമാനും 21.1 ശതമാനവുമാണ്. ദലിത്-ആദിവാസി കുട്ടികളെ സംബന്ധിച്ചിടത്തോളം ഇത് കുറേക്കൂടി ഗുരുതരമായ അവസ്ഥയിലാണ്. കൃത്യമായ കണക്കുകൾ ലഭ്യമല്ലെ

ങ്കിലും കേരള വികസന മാതൃകയ്ക്ക് പുറത്തുനിൽക്കുന്ന മത്സ്യബന്ധന സമൂഹ ങ്ങളിലെ കുട്ടികളുടെയും അവസ്ഥ മറ്റൊന്നാകാൻ വഴിയില്ല.

32922 അംഗനവാടി കേന്ദ്രങ്ങളും ശരാശരി നൂറുകോടി രൂപ ബജറ്റ് വിഹിത വുമുള്ള വിപുലമായ ICDS സംവിധാനം കേരളത്തിൽ നിലവിലുണ്ടെങ്കിലും പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ 15 വർഷങ്ങളായി 22 (NFHS - 1)-ശതമാനത്തിൽനിന്നും 21 (NFHS -3) ശതമാനമെന്ന നാമമാത്രമായ കുറവേ ഉണ്ടായിട്ടുള്ളുവെന്നത് ഗൗരവമായി കാണേണ്ട ഒരു വിഷയമാണ്. 11-ാം പഞ്ചവൽസര പദ്ധതി കാലയളവിലുടനീളം സംസ്ഥാന ബജറ്റിലെ ICDS വിഹിതം 0.06 ശതമാനമായി തുടരുകയും എന്നാൽ ഈ കാലയളവിൽ സംസ്ഥാനബജറ്റ് പലമടങ്ങായി വർധിക്കുകയും ചെയ്തു. മാത്രമല്ല ICDSസേവനം ലഭിക്കുന്ന ഗുണ ഭോക്താക്കൾ 2005-ൽ നിന്ന് 2011-ൽ 60% മായി വർദ്ധിച്ചു. ഏറെക്കുറെ സ്ഥിര മായ ബജറ്റ് വിഹിതം ഉപയോഗിച്ച് വർധിച്ചുവരുന്ന ഗുണഭോക്താക്കളെയും സേവനങ്ങളെയും എങ്ങനെ പരിഹരിച്ചുവെന്നത് പരിശോധിക്കേണ്ടതുണ്ട്. മാത്ര മല്ല, ICDSബജറ്റ് വിഹിതത്തിലെ 87 ശതമാനവും ശമ്പളവും മറ്റ് ആവശ്യങ്ങൾക്കു മാണ് ചെലവഴിക്കുന്നത് എന്നത് മേൽപ്പറഞ്ഞ കണക്കുകളോട് ചേർത്തുവായി ക്കേണ്ടതാണ്.

കേരളവികസന മാതൃകയുടെ പുറത്തുനിൽക്കുന്ന ദലിത്-ആദിവാസി-മത്സ്യബന്ധന സമൂഹങ്ങളിലെ കുട്ടികളുടെ പോഷകാഹാരസ്ഥിതിയെക്കുറിച്ച് സർക്കാർ ഏജൻസികളുടെ പഠനവും മറ്റ് ഒറ്റത്തിരിഞ്ഞ അക്കാദമിക പഠനങ്ങളും ലഭ്യമാക്കുന്ന വിവരങ്ങളനുസരിച്ച് സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. മാത്രവുമല്ല ലാഭകരമല്ലാത്ത സ്കൂളുകളിൽ സംഭവിക്കുന്നതുപോലെ കഴിവുള്ളവർ തങ്ങളുടെ കുട്ടി കളെ അത്യാകർഷകമായി അവതരിപ്പിക്കപ്പെടുന്ന പ്രീസ്ക്കൂകൾ/ഡേകെയർ/ കിന്റർ ഗാർട്ടൺ എന്നിവകളിലേക്ക് മാറ്റുമ്പോൾ എല്ലാ അർത്ഥത്തിലും പരിതാ പകരമായ അംഗൻവാടികളിൽ അവശേഷിക്കുന്നത് ദലിതരും ആദിവാസികളും മത്സ്യബന്ധന സമുദായങ്ങളിലുമുള്ള കുട്ടികളാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു (കേരളത്തിലെ ഇടനാട്ടിലെ പഞ്ചായത്തുകളിൽ അംഗൻവാടി കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ ദലിത്, ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ യഥാക്രമം 18 ശതമാനവും, 9 ശതമാനവുമാണ്. മലയോര മേഖലയിലെ പഞ്ചായത്തുകളിൽ ആദിവാസി കുട്ടികൾ 55 ശതമാനവും, ദലിത് കുട്ടികൾ 7 ശതമാനവുമാണ്. തീരദേശ മേഖലയിലെ കുട്ടികളിൽ 11 ശതമാനം ദലിതരാണ്. ബാക്കിയുള്ളവർ മത്സ്യബന്ധന സമുദായങ്ങളിൽപ്പെട്ടവരാണെന്ന് അനുമാനിക്കാം.

കേരളത്തിലെ ജനസംഖ്യയിൽ ദലിതർ 9ശതമാനവും ആദിവാസികൾ 2 ശതമാനത്തിൽ താഴെയും, തീരദേശത്ത് താമസിക്കുന്നവർ 30ശതമാനവുമാണ്. തീരദേശത്തെ 30 ശതമാനത്തിൽ 11.52 ശതമാനം മാത്രമാണ് മത്സ്യബന്ധന സമുദായങ്ങൾ. ഈ അനുപാതത്തിനനുസൃതമല്ല കേരളത്തിലെ അംഗനവാടി കേന്ദ്ര ങ്ങളിലെകുട്ടികളുടെ വിന്യാസമെന്ന് മേൽപ്പറഞ്ഞ കണക്കുകൾ തെളിയിക്കുന്നു). കേരളത്തിലെ വികേന്ദ്രീകൃതപരിപാടികൾ നിലവിൽ വന്നതിനുശേഷം ഗ്രാമപഞ്ചായത്തുകൾക്ക് ICDSകേന്ദ്രങ്ങൾ വഴിയും അല്ലാതെയും കുട്ടികളുടെയും

| | പഞ്ചായത്ത് | ദലിത്(%) | ആദിവാസി(%) | മൽസ്യബന്ധന സമുദായം(%) |
|---|---|---|---|---|
| മലനാട് | അമ്പൂരി | 9.17 | 13.39 | 0 |
| | വിതുര | 18.16 | 18.28 | 0 |
| | പുതൂർ | 3.67 | 82.69 | 0 |
| | ഷോളയൂർ | 4.3 | 50.72 | 0 |
| | തിരുനെല്ലി | 5.95 | 74.32 | 0 |
| ഇടനാട് | കുറ്റിച്ചൽ | 14.33 | 21.87 | 0 |
| | കാഞ്ഞിരംകുളം | 17.78 | 0 | 0 |
| | പെരുങ്കടവിള | 10.31 | 0 | 0 |
| | ഇരവിപേരൂർ | 26.93 | 0.31 | 0 |
| | കുറിച്ചി | 20.36 | 1.25 | 0 |
| തീരപ്രദേശം | പൂവ്വാർ | 15.37 | 0 | 84.63 |
| | മാറനെല്ലൂർ | 25.89 | 0 | 74.11 |
| | ആലപ്പാട് | 1.39 | 0 | 98.61 |
| | കടലുണ്ടി | 6.02 | 0 | 93.98 |

അമ്മമാരുടെയും പോഷകാഹാര പ്രശ്നങ്ങളെ അഭിസംബോന ചെയ്യാൻ വിപുലമായ അധികാരങ്ങളും സാഹചര്യവും കൈവന്നിട്ടുണ്ട്. ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ മുൻഗണനകൾ എന്തെല്ലാമാണെന്നുള്ളത് പഞ്ചായത്തുകളിലെ അംഗനവാടി കേന്ദ്രങ്ങളുടെ പൊതുസ്ഥിതിയും പഞ്ചായത്ത് ബജറ്റും താരതമ്യം ചെയ്തുകൊണ്ട് പരിശോധിക്കുകയാണ്.ഈ ലഘുപഠനം. ഈ മേഖലയിൽ കൂടുതൽ ആഴത്തിലുണ്ടാവേണ്ട പഠനങ്ങൾക്കും ഇടപെടലുകൾക്കും ഒരാമുഖമെന്ന നിലയിലാണ് ഞങ്ങളിതിനെ കാണുന്നത്.

## പഠന രീതി

കേരളത്തിലെ 7 ജില്ലകളിലെ 14 പഞ്ചായത്തുകളാണ് ഈ പഠനത്തിനാധാരമായ വിവരശേഖരണത്തിനായി തെരഞ്ഞെടുത്തത്. ഇടനാട്, മലനാട്, തീരപ്രദേശം എന്ന നിലയിലാണ് പഞ്ചായത്തുകളെ തെരഞ്ഞെടുത്തിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം പല ഘട്ടങ്ങളിലായി പഞ്ചായത്തുകളോട് ചോദിച്ച ചോദ്യങ്ങൾക്ക് അതാത് പഞ്ചായത്തുകൾ എഴുതിനൽകിയ വിവരങ്ങൾ മാത്രമാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. 14 പഞ്ചായത്തുകളിൽ 467 അംഗനവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യം, ശിശുക്ഷേമം എന്നീ വിഷയത്തിൽ ഫീൽഡ് വിസിറ്റ് നടത്തിയതിന്റെ നിരീക്ഷണങ്ങളും സ്വീകരിച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യങ്ങൾ

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ പൊതുവിൽ മോശമായ നിലയിലാണെന്നുള്ളത് സാമൂഹ്യക്ഷേമ വകുപ്പുതന്നെ സമ്മതിക്കുന്ന കാര്യമാണ്.

എന്നാൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള സ്ഥിതിവിവരകണക്കുകളേക്കാൾ പരിതാപകരമാണ് ദലിത്-ആദിവാസ-മത്സ്യമേഖലയിലെ അംഗൻവാടികളുടെ സ്ഥിതി. 41 ശതമാനം അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. ചില പഞ്ചായത്തുകളിൽ ഇത് 70%ത്തിനും മുകളിലാണ്. കെട്ടിടം ഉണ്ടെങ്കിൽ എല്ലാമായി എന്നുള്ള അർത്ഥത്തിലല്ല. ഞങ്ങളുടെ ഫീൽഡ് വിസിറ്റിൽ ബോദ്ധ്യപ്പെട്ട കാര്യം വൃത്തിഹീനമായ ചുറ്റുപാടിൽ ഇടുങ്ങിയ മുറികളോടുകൂടിയതാണ് മിക്ക കെട്ടിടങ്ങളും എന്നതാണ്. കേവലം 300 രൂപ മാത്രമാണ് പഞ്ചായത്ത് ഒരു അംഗൻവാടിയ്ക്ക് വാടകയിനത്തിൽ നൽകുന്നത്. നാമമാത്രമായ ഈ തുകയ്ക്ക് കേരളത്തിലെവിടെയും ഒരു വാടകമുറി ലഭ്യമാവില്ല. അതുകൊണ്ടുതന്നെ വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗൻവാടികൾ വീട്ടുവരാന്തയിലോ ചായ്പുകളിലോ, തൊഴുത്തിന്റെ ഒപ്പമോ, അപകടാവസ്ഥയിലുള്ള മുറികളിലോ കാർപോർച്ചുകളിലോ ആണ് പ്രവർത്തിക്കേണ്ടിവരുന്നത്. പലപ്പോഴും ഒരു മുറിയിൽതന്നെയാണ് ധാന്യങ്ങളും മറ്റും സൂക്ഷിക്കുന്നതും കുട്ടികൾ പഠിക്കുന്നതും കളിക്കുന്നതും ഭക്ഷണം പാകം ചെയ്യുന്നതും കഴിക്കുന്നതും.

85 ശതമാനം അംഗൻവാടികൾക്കും വൈദ്യുതി കണക്ഷനില്ല. 73 ശതമാനത്തിനും സ്വന്തമായി കുടിവെള്ള സംവിധാനമില്ല. 72 ശതമാനത്തിനും ഗ്യാസ് കണക്ഷനില്ല. 55 ശതമാനത്തിന് സ്വന്തമായി ശൗചാലയങ്ങളില്ല. 82 ശതമാനത്തിനും കളിസ്ഥലങ്ങളില്ല. 43 ശതമാനത്തിനും പ്രത്യേക പാചകപ്പുരകളില്ല. കളിപ്പാട്ടങ്ങളോ പഠനസാമഗ്രികളോ പലയിടത്തും പേരിനുപോലും കാണാനില്ല. എത്ര ദയനീയമായ നിലയിലാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത് എന്ന് ബോദ്ധ്യപ്പെടാൻ മറ്റ് കണക്കുകളുടെയോ വ്യാഖ്യാനങ്ങളുടെയോ ആവശ്യമില്ല.

കേരളത്തിൽ പ്രവർത്തിക്കുന്ന ഇത്ര അനാകർഷകമായ കേന്ദ്രങ്ങളിലേക്ക് തങ്ങളുടെ കുട്ടികളെ മാതാപിതാക്കൾ പറഞ്ഞയയ്ക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്. കേരളത്തിലെ 0 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളിൽ 30% മാത്രമാണ് അംഗൻവാടികളെ ആശ്രയിക്കുന്നത്. എന്ന് സർക്കാരിന്റെ കണക്കുകൾ തന്നെ തെളിയിക്കുന്നു. അതിൽ മഹാഭൂരിപക്ഷവും ദലിത്-ആദിവാസി-മൽസ്യബന്ധന സമൂഹങ്ങളിലെ കുട്ടികളാണെന്നതിൽ സംശയിക്കേണ്ടതില്ല. മാത്രമല്ല, സംസ്ഥാനത്തെ 70% കുട്ടികളുടെയും പോഷകാഹാര സ്ഥിതിയെക്കുറിച്ച് സർക്കാരിന് ഒന്നും തന്നെ അറിയില്ലായെന്ന ഗുരുതരമായ വസ്തുതയിലേക്കും ഇത് വിരൽചൂണ്ടുന്നു. ശിശുവികസനവും മാതൃസംരക്ഷണവുമായി ബന്ധപ്പെട്ട അടിസ്ഥാന തത്വങ്ങളെല്ലാം അടിസ്ഥാനതന്നെ സൗകര്യങ്ങളുടെ പരിമിതിമൂലം അട്ടിമറിക്കപ്പെടുകയാണ്.

ദലിത്-ആദിവാസി-മത്സ്യബന്ധന സമുദായങ്ങളെ പ്രത്യേകമായി പരിഗണിച്ചാൽ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ വ്യത്യസ്തമായ കണക്കുകളാണ് ലഭിക്കുന്നത്.

ദലിത് മേഖലകളിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ പരിശോധിക്കുമ്പോൾ സ്വന്തം കെട്ടിടമില്ലാത്തവ ശരാശരി 51.8%വും വൈദ്യുതിയില്ലാത്തത് 72%വും സ്വന്തമായി കുടിവെള്ള

| ശിശുക്ഷേമം, പോഷകാഹാരവിതരണം എന്നിവക്കായി പഞ്ചായത്തിലെ ബജറ്റിൽ വകയിരിത്തിയിരിക്കുന്നതിന്റെ ഇനം തിരിച്ചുള്ള ശരാശരി കണക്ക്. | | | | |
|---|---|---|---|---|
| | അടിസ്ഥാന സൗകര്യം | ദലിത് (%) | ആദിവാസി (%) | മത്സ്യബന്ധന സമുദായം(%) |
| 1. | സ്വന്തം കെട്ടിടമില്ലാത്തത് | 51.8 | 41 | 51 |
| 2. | വൈദ്യുതി കണക്ഷനില്ലാത്തത് | 72 | 87.4 | 85 |
| 3. | കുടിവെള്ളസംവിധാനമില്ലാത്തത് | 79.2 | 67.6 | 64.5 |
| 4. | ടോയ്‌ലറ്റ് സംവിധാനമില്ലാത്തത് | 79 | 56.2 | 50.75 |
| 5. | പ്രത്യേക പാചകമുറിയില്ലാത്തത് | 37 | 48.2 | 42 |
| 6. | ഗ്യാസ് കണക്ഷനില്ലാത്തത് | 79 | 89.6 | 49.25 |
| 7. | കളിസ്ഥലമില്ലാത്തത് | 65.2 | 81.6 | 90 |

സൗകര്യമില്ലാത്തത് 79.2%വും ശൗചാലയമില്ലാത്തത് 79%വും കളിസ്ഥലമില്ലാത്തത് 65.2%വുമാണ്.

ദലിത് മേഖലയിലുൾപ്പെടുന്ന പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യ വികസനത്തിനായി പഞ്ചായത്ത് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 2009-10-ൽ ശരാശരി 0.36% മായിരുന്നത് 2010-11 ആയപ്പോൾ 0.29% മായി കുറയുകയാണുണ്ടായത്. എന്നാൽ ഇക്കാലയളവിൽ പഞ്ചായത്തിന്റെ മൊത്തം ബജറ്റ് എസ്റ്റിമേറ്റിൽ 46.16% വർധനവ് ഉണ്ടായപ്പോൾ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നീക്കിവച്ച തുകയിൽ 0.07% കുറവാണ് കാണിക്കുന്നത്.

ആദിവാസി മേഖലയിലെ അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ പരിശോധിക്കുമ്പോൾ സ്വന്തം കെട്ടിടമില്ലാത്തവ ശരാശരി 41% വൈദ്യുതിയില്ലാത്തത് 87.41% സ്വന്തമായി കുടിവെള്ള സംവിധാനമില്ലാത്തത് 67.6% ശൗചാലയങ്ങളില്ലാത്തത് 56.2% പ്രത്യേക പാചകമുറിയില്ലാത്തത് 48.2% കളിസ്ഥലമില്ലാത്തത് 81.2% ഗ്യാസ് കണക്ഷനില്ലാത്തത് 89.6% എന്നിങ്ങനെയാണ്.

പഞ്ചായത്തുകളിലെ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പഞ്ചായത്ത് ബജറ്റുകളിൽ വകയിരുത്തുന്ന തുകകകളുടെ ശരാശരി പരിശോധിച്ചാൽ 2009-10-ൽ 0.57% എന്നുള്ളത് 2010-11 ആകുമ്പോൾ 0.40% ആയി കുറയുന്നതു കാണാം. എന്നാൽ, 2009-10 വർഷത്തിൽനിന്നും 2010-11ലെത്തുമ്പോൾ പഞ്ചായത്തിന്റെ മൊത്തം ബജറ്റ് എസ്റ്റിമേറ്റ് 54.03% വർദ്ധിക്കുമ്പോൾ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള നീക്കിയിരിപ്പിൽ 0.17 %ന്റെ കുറവാണ് കാണുന്നത്.

തീരദേശ മേഖലയിലുള്ള അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ചാൽ സ്വന്തം കെട്ടിടമില്ലാത്തത് 51% വൈദ്യുതിയില്ലാത്തത് 85% സ്വന്തമായി കുടിവെള്ളസംവിധാനമില്ലാത്തത് 64.5% ടോയ്‌ലറ്റ് സംവിധാനമില്ലാത്തത് 50.75% കളിസ്ഥലമില്ലാത്തത് 90% എന്നിങ്ങനെയാണ്. ഈ മേഖലയിലെ പഞ്ചായത്തുകൾ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2009-10-ൽ ശരാശരി 0.31% വകയിരുത്തുമ്പോൾ 2010-11 വർഷത്തിൽ അത് 0.025%ആയി

|  |  | No. of Anganvadis within panchayat jurisdiction | No. of children in Anganvadis | No. of Anganvadis which not having own building | % | No. of Anganvadis having Rental Building | % | No. of Anganvadis not having Electricity | % | No. of Anganvadis not having Own drinking | % | No. of Anganvadis not having Gas Connection | % | No. of Anganvadis not having Toilet Facility | % | No. of Anganvadis not having Playground | % | No. of Anganvadis not having Cooking Place | % |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Amboori | 24 | 545 | 6 | 25 | 6 | 25 | 11 | 46 | 19 | 79 | 12 | 50 | 7 | 29 | 20 | 83 | 1 | 4 |
| 2 | Vithura | 33 | 848 | 23 | 70 | 14 | 42 | 32 | 97 | 15 | 45 | 33 | 100 | 23 | 70 | 23 | 70 | 23 | 70 |
| 3 | Kuttichal | 21 | 1340 | 8 | 38 | 8 | 38 | 14 | 67 | 13 | 62 | 20 | 95 | 10 | 48 | 11 | 52 | 8 | 38 |
| 4 | Poovvar | 30 | 950 | 23 | 77 | 21 | 70 | 26 | 87 | 25 | 83 | 0 | 0 | 23 | 77 | 30 | 100 | 21 | 70 |
| 5 | Kanjiramkulan | 18 | 270 | 10 | 56 | 10 | 56 | 16 | 89 | 14 | 78 | 18 | 100 | 10 | 56 | 0 | 0 | 0 | 0 |
| 6 | Perumkadavil | 25 | 446 | 14 | 56 | 12 | 48 | 13 | 52 | 17 | 68 | 24 | 96 | 16 | 64 | 23 | 92 | 3 | 12 |
| 7 | Maranallur | 41 | 618 | 23 | 56 | 22 | 54 | 36 | 88 | 28 | 68 | 37 | 90 | 23 | 56 | 37 | 90 | 23 | 56 |
| 8 | Puthur | 55 | 1063 | 27 | 49 | 27 | 49 | 54 | 98 | 50 | 91 | 55 | 100 | 48 | 87 | 45 | 82 | 27 | 49 |
| 9 | Kadalundi | 41 | 1328 | 19 | 46 | 13 | 32 | 40 | 98 | 35 | 85 | 41 | 100 | 14 | 34 | 41 | 100 | 19 | 46 |
| 10 | Kurichi | 31 | 560 | 7 | 23 | 7 | 23 | 21 | 68 | 30 | 97 | 0 | 0 | 12 | 39 | 29 | 94 | 7 | 23 |
| 11 | Eraviperoor | 27 | 635 | 19 | 70 | 19 | 70 | 20 | 74 | 22 | 81 | 1 | 4 | 19 | 70 | 19 | 70 | 19 | 70 |
| 12 | Thirunelly | 40 | 1480 | 14 | 35 | 11 | 28 | 40 | 100 | 18 | 45 | 40 | 100 | 25 | 62 | 33 | 82 | 37 | 92 |
| 13 | Alappad | 27 | 648 | 4 | 15 | 0 | 0 | 18 | 67 | 6 | 22 | 2 | 7 | 7 | 26 | 19 | 70 | 0 | 0 |
| 14 | Sholayur | 54 | 1327 | 14 | 26 | 12 | 22 | 52 | 96 | 42 | 78 | 53 | 98 | 18 | 33 | 48 | 89 | 14 | 26 |
|  |  | 467 | 12058 | 211 | 45 | 182 | 39 | 393 | 84 | 334 | 72 | 336 | 72 | 255 | 55 | 378 | 81 | 202 | 43 |

കുറയുകയാണ് ചെയ്യുന്നത്. അതേസമയം ഇക്കാലയളവിലെ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റിൽ 34.30% വർധനവ് ഉണ്ടായിട്ടുണ്ട്.

ഈ കണക്കുകൾ വ്യക്തമാകുന്ന പ്രധാനപ്പെട്ട കാര്യം സർക്കാരിന്റേയോ പഞ്ചായത്തുകളുടേയോ മുൻഗണനാക്രമങ്ങളിൽ അംഗനവാടികുളും, കുട്ടികളുടെ പോഷകാഹാരവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സ്ഥാനം പിടിക്കുന്നില്ല എന്നതാണ്. പഞ്ചായത്തുകളുടെ ബജറ്റിൽ നിന്ന് വെളിവാകുന്ന മറ്റൊരു പ്രധാനപ്പെട്ട കാര്യം കുട്ടികളുടെ പോഷകാഹാര വിതരണത്തിനും, അംഗനവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ചിലവാകുന്ന തുക തനതു ഫണ്ടിൽനിന്ന് (Own fund) നാമമാത്രമായ തുകപോലും ചിലവഴിക്കാൻ അവർ സന്നദ്ധമല്ല എന്നുള്ളതാണ്.

3 വർഷത്തെ ബജറ്റ് കണക്കുകൾ പരിശോധിക്കുമ്പോൾ ഓരോവർഷവും പഞ്ചായത്ത് അംഗനവാടികൾക്കും പോഷകാഹാര വിതരണത്തിനും ചിലവഴിക്കുന്ന തുക ബജറ്റ് ഡോക്യുമെന്റിൽതന്നെ വ്യത്യസ്തമോ, അവ്യക്തമോ, ആയിട്ടാണ് പല പഞ്ചായത്തുകളും കാണിച്ചിരിക്കുന്നത്. ഈ കൃത്യതയില്ലായ്മ പഞ്ചായത്തുകളുടെ ഈ വിഷയത്തിലുള്ള അലംഭാവമായി തന്നെ കാണേണ്ടിവരും

പ്രധാന പോഷകാഹാരവിതരണ പരിപാടിയേക്കാൾ പ്രാധാന്യം ബജറ്റ് വിഹിതത്തിൽ പൂരകപോഷകാഹാരപരിപാടിക്ക് (Supplementary nutrition program) നൽകുന്നുണ്ട്. പോഷകാഹാരവിതരണ സങ്കൽപ്പത്തെതന്നെ ഇത് അട്ടിമറിക്കുന്നു. പൂരകപോഷകാഹാരവിതരണം തന്നെ യാതൊരു ഗുണനിലവാര പരിശോധനയോ, കൃത്യമായ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലോ, അനുവദനീയമായ അളവിലോ അല്ല ചെയ്യപ്പെടുന്നത്.

ശിശുക്ഷേമം, പോഷകാഹാരവിതരണം എന്നിവയ്ക്കായി പഞ്ചായത്തുകൾ ബജറ്റിൽ വകയിരുത്തിയിരക്കുന്നതിന്റെ ശരാശരിക്കണക്ക്

| Particulars | 2009-10 | | 2010-11 | |
|---|---|---|---|---|
| | മൊത്തം വിഹിതം(%) | പഞ്ചായത്ത് വിഹിതം(%) | മൊത്തം വിഹിതം(%) | പഞ്ചായത്ത് വിഹിതം(%) |
| **Child Welfare** | | | | |
| Honorarium | 12.68 | 5.87 | 5.46 | 14.96 |
| Rent/Tax | 0.79 | 1.01 | 0.24 | 7.14 |
| Stationery | 6.87 | 0.54 | 17.75 | 8.06 |
| Miscellaneous | 10.29 | 2.26 | 6.99 | 14.12 |
| Other Items | 2.48 | 0.97 | 0.59 | 0.83 |
| **Nutrition** | | | | |
| Nutritious food/ Special fluids | 11.87 | 13.24 | 21.42 | 6.99 |
| Special Nutritious Programs | 53.15 | 15.65 | 46.25 | 11.23 |
| Other Expenses | 1.87 | 2.12 | 1.32 | 0.95 |

## തിരുവനന്തപുരം ജില്ലയിലെ ന്യൂട്രിമിക്സ് യൂണിറ്റ് നടത്തുന്ന കുടുംബശ്രീ പ്രവർത്തകർ നൽകിയ അഭിമുഖം

“......ഞങ്ങൾ അഞ്ചുപേർ ചേർന്നാണ് ഈ ന്യൂട്രിമിക്സ് യൂണിറ്റ് നടത്തികൊണ്ടുപോകുന്നത്. ഞങ്ങൾ അഞ്ചുപേരും അടുത്തടുത്ത് താമസിക്കുന്നവരാണ്. ലാഭമാണോ നഷ്ടമേന്നോ എന്നതിലുപരി ഇത് ഞങ്ങൾക്ക് ഒരു വരുമാന മാർഗ്ഗമാണ്. മാസശമ്പളം ഞങ്ങൾ കണക്കാക്കില്ല. ഓരോവർഷവും മൊത്തം ലാഭത്തെ അഞ്ചായിട്ട് ഭാഗിച്ചാണ് എടുക്കുന്നത്. ഈ കെട്ടിടത്തിന്റെ വാടക 3500 (മുവായിരത്തി അഞ്ഞൂറ്) രൂപ, കറണ്ട് ബിൽ 1500 രൂപയാണ്. ഗ്യാസ് സിലിണ്ടറിന് 1550 രൂപയാണ്. ഒരുമാസം ഏകദേശം ആറ് സിലിണ്ടർ വേണ്ടിവരും.

അമൃതം പൊടി തയ്യാറാക്കുന്നത് 1 Kg.-ന് എന്ന കണക്കുവച്ച് ഗോതമ്പ് 450 ഗ്രാം സോയ 100 ഗ്രാം കപ്പലണ്ടി 100ഗ്രാം കടലപ്പരിപ്പ് 150ഗ്രാം പഞ്ചസാര 200 ഗ്രാം എന്നിവ ഒരുമിച്ച് വറുത്ത് പൊടിച്ചാണ്. ഇപ്പോൾ ഒരു കവറിന് 56 രൂപയാണ് നമുക്ക് ലഭിക്കുന്നത്. ഇതിൽ ബദാമിന്റെയും വാനിലയുടെയും രുചി ചേർക്കണം എന്നാണ്. അതിന് ഈ പറയുന്ന 56 രൂപ മതിയാകില്ല. മാത്രവുമല്ല ഈ പറയുന്ന 56 രൂപ എന്നുള്ളത് കവർ ഒന്നിന് 75 രൂപ വച്ച് കിട്ടിയാൽ മാത്രമേ ഇതിൽ നിന്നും ലാഭം ഉണ്ട് എന്ന് പറയാൻ കഴിയു.

ഏകദേശം 48 അംഗനവാടി കേന്ദ്രങ്ങളിൽ ഇപ്പോൾ അമൃതം പൊടികൊടുക്കുന്നു. ഈ കേന്ദ്രങ്ങളിൽ പോലും ഒരു പ്രശ്നം ഉള്ളത് ഒരു കുട്ടിക്ക് ഒരുമാസം മൂന്നരകിലോഗ്രാം അമൃതപൊടി നൽകണം എന്നതാണ് സർക്കാർ പറയുന്നത് പക്ഷേ 30 കുട്ടികൾ ഉള്ള ഒരു അംഗൻവാടിയിൽ നിന്നും 20 കുട്ടികൾക്കുള്ള ഓർഡർ ആണ് നൽകുന്നത്. അങ്ങനെ നൽകുന്നതിന് അവർ പറയുന്ന കാരണം പഞ്ചായത്തിന് ഫണ്ട് ഇല്ല എന്നാണ്....”



## ചികിത്സകിട്ടാതെ ആദിവാസി കുട്ടി മരിച്ച സംഭവത്തിൽ പട്ടികജാതി– വർഗ കമ്മിഷൻ കേസെടുത്തു

14/01/12 മംഗളം

തിരുവനന്തപുരം: ചികിത്സക്കായി അഞ്ച് ആശുപത്രി കളിൽ കയറിയിറങ്ങിയിട്ടും വിദഗ്ധ ചികിത്സ ലഭ്യ കാത്തതിനെത്തുടർന്നു ആദിവാസി ബാലിക മരി സംഭവത്തിൽ പട്ടികജാതി- വർഗ കമ്മീഷൻ സ്വമേ യാ കേസെടുത്തു. അടിയന്തരമായി റിപ്പോർട്ടു സമ ർപ്പിക്കാൻ കണ്ണൂർ കലക്ടർ, ജില്ലാ മെഡിക്കൽ ഓഫീ സർ, പട്ടികവർഗ വികസന ഓഫീസർ എന്നിവരോട് കമ്മീഷൻ ആവശ്യപ്പെട്ടു.

കൊട്ടിയൂർ മന്ദംചേരിയിലെ കാനോത്ത് ദിവാക രൻ- മല്ലിക ദമ്പതികളുടെ മകൾ പ്രിയയാണു (മൂന്ന്) മരിച്ചത്. ഛർദ്ദി ബാധിച്ച് അവശനിലയിലായ കുട്ടിയു ടായി

രക്ഷിതാക്കൾ അഞ്ച് ആശുപത്രികളിൽ കയറിയി റങ്ങിയെങ്കിലും യഥാസമയം വിദഗ്ധ ചികിത്സ ലഭിച്ചി ല്ല. ബുധനാഴ്ച രാവിലെയാണ് പ്രിയയെ മാതാപിതാ ക്കൾ കേളകത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ച ത്. അവിടെ പ്രാഥമിക ചികിത്സക്കുശേഷം പേരാവൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടിയെ അ ടിയന്തരമായി തീവ്രപരിചരണ വിഭാഗമുള്ള ആശുപ ത്രിയിലെത്തിക്കാനാണ് ഡോക്ടർമാർ നിർദേശിച്ചത്. തുടർന്ന് ഇരിട്ടിയിൽ ഐ.സി.യു സംവിധാനമുള്ള സ്വ കാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും പ്രവേശിപ്പി തെ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് അ ക്കുകയാണു ചെയ്തതെന്ന് രക്ഷിതാക്കൾ പരാതി ടുന്നു.

അവശനിലയിലായ ബാലികയെ ഇരിട്ടിയിലെ കാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും അവിടെ ക്ടറില്ലാത്തതിനാൽ മടങ്ങേണ്ടിവന്നു. തൊട്ടടുത്ത മറ്റൊരു ആശുപത്രിയിലെത്തിച്ച് ഡോക്ടർ പരിശോ ക്കും മുൻപെ ബാലിക മരിച്ചു. പത്രവാർത്തയുടെ ടിസ്ഥാനത്തിലാണ് പി.എൻ വിജയകുമാർ ചെ മാനും എഴുകോൺ നാരായണൻ, ...

## തൃശൂരിലെ അങ്കണവാടികളിൽ ടൺകണക്കിന് അരി ചെള്ള് കയറി നശിച്ചു

29/9/11 മാധ്യമം

തൃശൂർ: ഭക്ഷ്യസുരക്ഷയുടെ ഭാഗമായി അങ്കണ വാടി കുട്ടികൾക്ക് വിതരണം ചെയ്യാൻ കൊണ്ടുവ ന്ന ടൺ കണക്കിന് അരി ഉപയോഗശൂന്യമായി. തൃശൂർ നഗരസഭാപരിധിയിലെ വിവിധ അങ്കണവാ ടികളിലാണ് അരി ചെള്ള് കയറി നശിച്ചത്.

മൂന്നുമാസം മുമ്പാണ് അരി കൊണ്ടുവന്നത്. സി വിൽ സപ്ലൈസ് വകുപ്പ് വഴി സാമൂഹികക്ഷേമ വ കുപ്പാണ് അങ്കണവാടികൾക്ക് നൽകിയത്. നിലവാ രമില്ലാത്ത അരിയായതിനാലാണ് പെട്ടെന്ന് നശി ച്ചതെന്ന് ആരോപണമുണ്ട്. ഇത് സിവിൽ സപ്ലൈ സ് വകുപ്പിനുതന്നെ തിരിച്ചേൽപ്പിക്കാൻ ചൊവ്വാഴ്ച ചേ ർന്ന കൗൺസിൽ യോഗം തീരുമാനിച്ചു.

ഒരുകുട്ടിക്ക് അഞ്ചുകിലോ വീതം നൽകാനാണ് അരി നൽകിയത്. എന്നാൽ, ഇത് വിതരണം ചെയ്യാൻ സർക്കാർ ഉത്തരവ് ലഭിച്ചില്ലെന്ന് പറഞ്ഞ് പല അങ്കണവാടികളിലും നടപടിയെടുത്തില്ല. ...

സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ ... ബാബുരാജാണ് ചൊവ്വാഴ്ച ഇക്കാര്യം കൗൺ സിൽ യോഗത്തെ അറിയിച്ചത്.

## ഇന്ത്യ പെൺകുഞ്ഞുങ്ങൾക്ക് അപകടകരമായ ഇടമെന്ന് യു.എൻ

ന്യൂഡൽഹി: പെൺകുഞ്ഞു ങ്ങൾക്ക് ലോകത്തേറ്റവും അപ കടകരമായ ഇടം ഏതെന്നു ചോ ദിച്ചാൽ ഇനി നിസ്സംശയം ഉത്ത രം പറയാം. യു.എന്നിന്റെ പു തിയ കണക്കുകൾ അനുസരിച്ച് ഇന്ത്യയാണ് ഒന്നിനും അഞ്ചി നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് ദുരനുഭവങ്ങളു ...



... ഈ റിപ്പോർട്ടിനെ യു.എൻ വി ശേഷിപ്പിക്കുന്നു. ...

## പോഷകാഹാരക്കുറവ്: ആറു ദിവസം പ്രായമായ ആദിവാസിക്കുഞ്ഞ് മരിച്ചു

11/1/12





## ഒറ്റയ്ക്കൊരു അധ്യാപകൻ

29/12/11

നസീബ് കാരാട്ടിൽ

ചാലക്കയം, അട്ടത്തോട് ഭാഗത്തുള്ള ആദിവാസികളുടെ പ്രിയപ്പെട്ട സനീഷിനെ വിളിക്കാം. ...



## അംഗൻവാടിയുടെ മേൽക്കൂര തകർന്നു: കുട്ടികൾ രക്ഷപ്പെട്ടു



## അംഗൻവാടി അരക്ഷിതാവസ്ഥയിൽ

3/1/12

മനുഷ്യാവകാശരംഗത്ത് പ്രത്യേകിച്ചും കുട്ടികളുടേയും ദലിത്-ആദിവാസി-മത്സ്യബന്ധന സമുദായങ്ങളുടേയും അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് പഠന - ഗവേഷണ - മോണിട്ടറിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്ന, തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടന.




**RIGHTS**
TC 16/1051, CS Road, Jagathy, Thycaud PO, Trivandrum -14
Tel:9895853646, email: rightsfirst@gmail.com